# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6051 04/11/2016-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന ഏജൻസി മുഖേനയുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശ വികസന ഏജൻസി മുഖേന 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | എ) 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആകെ 1773.5 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പുത്തൻതോപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനു പുതിയ കെട്ടിട നിർമ്മാണം | 366.00 |
| 2 | കണ്ണൂർ തയ്യിൽ പബ്ലിക്ക് ഹെൽത്ത് സെന്ററിനുപുതിയ കെട്ടിട നിർമ്മാണം | 93.00 |
| 3 | ഇളംകുന്നപുഴ സബ് സെന്ററിനുപുതിയ കെട്ടിട നിർമ്മാണം | 30.00 |
| 4 | ലൈബ്രറി സപ്പോർട്ട്, വലിയപറമ്പ | 43.00 |
| 5 | പബ്ലിക് ടോയ്ലറ്റ് - തയ്യിൽ മത്സ്യഗ്രാമം | 9.00 |
| 6 | കനാൽ നവീകരണവും മാലിന്യ നിർമ്മാർജ്ജനവും | 65.00 |
| 7 | ജീവനോപാധി സഹായം സെന്റർ- കുമ്പളം | 133.00 |
| 8 | ആലപ്പാട് പാരത്തുരുത്ത് ഗവ.എൽ.പി സ്കൂളിന് പുതിയ കെട്ടിടം | 153.00 |
| 9 | ആലപ്പുഴ നല്ലനിക്കൽ ഗവ.എൽ.പി. സ്കൂളിന് പുതിയ കെട്ടിടം | 81.00 |
| 10 | കൊയിലാണ്ടി ഗവ.മാപ്പിള ഹയർ സെക്കന്ററി | 375.00 |

| | | |
|---|---|---|
| | സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് | |
| 11 | പരപ്പനങ്ങാടി ഗവ.എൽ.പി.സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് | 135.00 |
| 12 | പാലപ്പെട്ടി ഗവ.ഹയർസെക്കന്ററി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് | 1[illegible].00 |
| 13 | അംഗനവാടി, (ഉള്ളാള, താലാഴം, കോട്ടയം) | 20.00 |
| 14 | അംഗനവാടി (വാടാനപ്പിള്ളി) | 30.00 |
| 15 | അംഗനവാടി, തലശ്ശേരി | 22.00 |
| 16 | അംഗനവാടി, കസബ | 23.00 |
| 17 | കോമൺ യൂട്ടിലിറ്റി സെന്റർ, കണ്ണമാലി, ചെല്ലാനം | 29.50 |
| | ആകെ | 1773.5 |

കൂടാതെ 40.00 ലക്ഷം രൂപ അടങ്കൽ തുകയിൽ മര്യനാട് മത്സ്യഗ്രാമത്തിൽ കൃത്രിമപ്പാര് നിക്ഷേപിക്കൽ പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ചു.

ബി) അമിത പലിശ ഈടാക്കുന്ന മാഫിയകളിൽ നിന്നും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ബി) 2007-08 മുതൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി മൈക്രോഫിനാൻസ് പദ്ധതി വഴി 6% പലിശ നിരക്കിൽ മൈക്രോഫിനാൻസ് വായ്പകൾ നൽകി വരുന്നു. 2008-09 വർഷം മുതൽ മത്സ്യഫെഡ് സംസ്ഥാന സർക്കാരിന്റെ പലിശ ഇളവോടു കൂടി മത്സ്യത്തൊഴിലാളി വനിതകൾക്കു മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങളെയോ, വ്യക്തികളെയോ ആശ്രയിക്കാതെ തൊഴിൽ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

**സെക്ഷൻ ആഫീസർ**